**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 431</u>** **<u>15-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ബിരുദ പാഠ്യപദ്ധതി പരിഷ്കരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ഡോ. എം. കെ. മുനീർ ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാലുവർഷ ബിരുദ പഠനം നടപ്പാക്കുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നീ മൂന്ന് കമ്മീഷനുകളെ നിയമിക്കുകയും, പ്രസ്തുത കമ്മീഷനുകൾ റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി പരിഷ്കരിച്ച ബിരുദ പാഠ്യ പദ്ധതിയുടെ രൂപരേഖ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | നാലുവർഷ ബിരുദ പഠനത്തിനുള്ള മാതൃകാ പാഠ്യപദ്ധതി എന്നത്തേക്ക് തയ്യാറാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ